# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.664 — 29/10/2019-ൽ മറുപടിക്ക്

## ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ നിർമ്മാണ കരാറുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി.<br>'' എൻ.എ.നെല്ലിക്കുന്ന്<br>,, ടി.എ.അഹമ്മദ് കബീർ<br>, സി.മമ്മൂട്ടി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കിഫ്ബി വഴി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ നിർമ്മാണ കരാറുകൾ ഏതൊക്കെ കമ്പനികൾക്കാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | M/s Siemens India Limited, M/s GE T&D, M/s Techno Electric & Engineering Co Limited, M/s L& T, M/s KEI Industries Limited, M/s Sterlite Power Transmission Limited എന്നീ കമ്പനികൾക്കാണ് കിഫ്ബി വഴി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ കരാറുകൾ നൽകിയിരിക്കുന്നത്. |
| (ബി) | പ്രസ്തുത കരാറുകൾ വൻകിട കമ്പനികൾക്ക് നൽകിയത് സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ ടെണ്ടർ നടപടികളിൽ ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ തുക എസ്റ്റിമേറ്റ് തുകയേക്കാൾ പത്ത് ശതമാനത്തിൽ കൂടുതലാണെങ്കിൽ റീ ടെണ്ടർ ചെയ്യണമെന്നും അതിനു ശേഷവും ഇപ്രകാരം തന്നെ സംഭവിച്ചാൽ എസ്റ്റിമേറ്റ് പുതുക്കണമെന്നും വ്യവസ്ഥയുണ്ടോ; | (സി) | കെ.എസ്.ഇ.ബിയുടെ ടെണ്ടർ നടപടി ക്രമങ്ങളിൽ ഇങ്ങനെയൊരു വ്യവസ്ഥ നിലവിലില്ല. പദ്ധതിയുടെ ടെൻഡർ നടപടികളിൽ ക്വോട്ട് ചെയ്ത ഏറ്റവും കുറഞ്ഞ തുക എസ്റ്റിമേറ്റ് തുകയേക്കാൾ പത്ത് ശതമാനത്തിൽ കൂടുതലും കരാർ തുക 50 കോടിക്ക് മുകളിലും ആണെങ്കിൽ തീരുമാനം എടുക്കുവാനുള്ള അധികാരം വിവിധ പരിശോധനകൾക്ക് ശേഷം ബോർഡിന്റെ ഏറ്റവും ഉന്നതതലസമിതിയായ സർക്കാരിലെ ഉന്നതഉദ്യോഗസ്ഥർ ഉൾപ്പെട്ട ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. ഇപ്രകാരം ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടു കൂടി തന്നെയാണ് ട്രാൻസ്ഗ്രിഡ് പദ്ധതികൾക്കു കരാർ നൽകിയിരിക്കുന്നത്. |
| (ഡി) | ഈ വ്യവസ്ഥ തങ്ങൾക്ക് ബാധകമല്ലെന്ന് കെ.എസ്.ഇ.ബി. നിലപാട് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ ഉത്പാദന പ്രസരണ-വിതരണ മേഖലകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ നിലവിലുള്ളതും കാലാകാലങ്ങളിൽ പരിഷ്കരണ വിധേയവുമായ വ്യവസ്ഥകൾ പ്രകാരമാണ്. ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്ത് കേന്ദ്രീകൃതമല്ലാത്തതും കെട്ടിടം, പാലം റോഡ് എന്നീ നിർമ്മാണ പ്രവൃത്തികളിൽ നിന്നും തികച്ചും വ്യത്യസ്തവുമാണ് പലതരം ലൊക്കേഷനുകൾ ഉൾപ്പെടുന്ന ട്രാൻസ്മിഷൻ ലൈൻ നിർമ്മാണ പ്രവൃത്തികൾ. അതുകൊണ്ട് തന്നെ പൊതുമരാമത്ത്, ജലസേചനം, ഭവന നിർമ്മാണം തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾക്കായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അതാതു വകുപ്പുകൾക്ക് മാത്രം ബാധകമാണ്. ടി ഉത്തരവുകൾ പര്യാപ്തമാണെന്ന് കണ്ടാൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ച് പ്രത്യേകമായി ഉത്തരവാകുമ്പോൾ മാത്രമേ അത് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് ബാധകമാവുകയുള്ളൂ. കൂടാതെ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടുപയോഗിച്ചോ വായ്പെടുക്കുന്ന പണമുപയോഗിച്ചോ നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ടെണ്ടർ നടപടിക്രമങ്ങൾ തീരുമാനിക്കുന്നതിനും കരാർ നൽകുന്നതിനുമുള്ള അധികാരം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. എന്നാൽ സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളിൽ ഭരണാനുമതി നൽകുന്നത് പൂർണ്ണമായും സർക്കാരിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് മാത്രമാണ്. |

സെക്ഷൻ ഓഫീസർ